# പതിമൂന്നാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1676  18.06.2012- ൽ മറുപടിക്ക്**

## തുറമുഖ വകുപ്പ് ചേർത്തലയിൽ ഏറ്റെടുത്ത പ്രവൃത്തികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി. തിലോത്തമൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തുറമുഖ വകുപ്പിൻ കീഴിൽ ചേർത്തല മണ്ഡലത്തിൽ ചെയ്തിട്ടുളള പ്രവൃത്തികൾ ഏതൊക്കെയാണെന്നും അതിനുവേണ്ടി ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ; | (എ) | തുറമുഖ വകുപ്പുമായി ബന്ധപ്പെട്ട് ചേർത്തല മണ്ഡലത്തിൽ വികസന പ്രവർത്തനങ്ങൾ ഒന്നും നടപ്പിലാക്കുന്നില്ല |
| (ബി) | നടപ്പ് സാമ്പത്തിക വർഷം തുറമുഖ വകുപ്പിൻ കീഴിൽ ചേർത്തല മണ്ഡലത്തിൽ ചെയ്യാൻ തെരഞ്ഞെടുത്തിട്ടുളള പ്രവൃത്തികളുടെ മുൻഗണനാ ലിസ്റ്റുകൾ ലഭ്യമാക്കുമോ; | (ബി) | ഡ്രൈഡോക്ക് സൗകര്യം, സ്വീവേജ് പ്ലാന്റ്, എൻവയോണ്മെന്റ് സ്റ്റഡി, ചാനൽ മാർക്കിംഗ് ബോയകൾ സ്ഥാപിക്കുക തുടങ്ങിയ പദ്ധതികൾ വേമ്പനാട് തടാകവുമായി ബന്ധപ്പെട്ട് നടപ്പു സാമ്പത്തിക വർഷം ആവിഷ്കരിച്ചിട്ടുണ്ട്. |
| (സി) | തുറമുഖ വകുപ്പിൻ കീഴിലുളള ഏതെങ്കിലും പ്രവൃത്തികൾ ചേർത്തല മണ്ഡലത്തിൽ | (സി) | തുറമുഖ വകുപ്പിൻ കീഴിലുളള പ്രവൃത്തികൾ ഒന്നും ചേർത്തല മണ്ഡലത്തിൽ മുടങ്ങിക്കിടപ്പില്ല. എന്നാൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് |

മുടങ്ങിക്കിടപ്പുണ്ടോ എന്ന് പറയുമോ; എന്തു കാരണത്താലാണ് ഇപ്രകാരം മുടങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കീഴിൽ വരുന്ന "അന്ധകാരനഴി വടക്കെ പാലത്തിന്റെ നിർമ്മാണ പ്രവൃത്തി" 2009-ൽ ആരംഭിച്ചുവെങ്കിലും മുകൾ ഭാഗത്തുള്ള റഗുലേറ്ററുകൾ തുറക്കുന്ന സമയത്തുണ്ടാകുന്ന ശക്തമായ ഒഴുക്കും കാലവർഷത്തെതുടർന്നുള്ള കടൽക്ഷോഭവും കാരണം കരാറുകാരൻ ചെയ്ത ബണ്ടുകൾ ഒലിച്ചുപോയതിനാലും 2011-12, 2012-13 സാമ്പത്തിക വർഷത്തിൽ ഫണ്ട് ലഭ്യമല്ലാത്തതിനാലും ടി പ്രവൃത്തി മുടങ്ങിയിരിക്കുകയാണ്. ഫണ്ട് ലഭ്യമാക്കുവാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നു.

സെക്ഷൻ ഓഫീസർ